**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3480** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019 -ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായുള്ള എല്ലാ ഒഴിവുകളും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നറിയിക്കാമോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | **ഇടുക്കി ജില്ലയിൽ യു.പി.എസ്.ടി (മലയാളം) തസ്തികയിൽ ഇതുവരെ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ നിയമാനുസൃത വിഹിതം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | ഇടുക്കി ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത ഇടമലക്കുടി സ്കൂളിലെ ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഇപ്പോൾ നിലവിലുള്ള 517 /2019-ാം നമ്പർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഇടമലക്കുടി ഗവൺമെന്റ് സ്കൂളിൽ യു.പി. വിഭാഗം അപ്ഗ്രേഡ് ചെയ്ത് തത്വത്തിൽ അംഗീകാരം ലഭിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. യു.പി. വിഭാഗം പ്രവർത്തിക്കുന്നതിനാവശ്യമായ ക്ലാസ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. സ്കൂൾ കെട്ടിടം പണി പൂർത്തിയായി തസ്തിക നിർണ്ണയം നടത്തി തസ്തിക നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകുവാൻ സാധിക്കുകയുള്ളൂ. നിലവിൽ യു.പി.സ്കൂൾ (മലയാളം മീഡിയം) തസ്തിക സ്കൂളിൽ അനുവദിച്ചിട്ടില്ല. |
| (സി) | ഇടുക്കി ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം നിയമാനുസൃതം നടപ്പിലാക്കി ഇതുമൂലമുണ്ടാകുന്ന ഒഴിവുകൾ 2025 ഒക്ടോബർ 9-ന് കാലാവധി അവസാനിക്കുന്ന 517/2019 -ാം നമ്പർ യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | അന്തർ ജില്ലാ സ്ഥലംമാറ്റം നിയമാനുസൃതം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഇതുമൂലം ഒഴിവുകൾ ഉണ്ടാകുമോ എന്ന് കണ്ടെത്താനും തുടർ നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ. |
| (ഡി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശമായ അക്കാദമിക മോണിറ്ററിങ്ങിനായി പഞ്ചായത്ത് എഡ്യുക്കേഷൻ ഓഫീസർമാരെ നിയമിക്കുന്നതിനും തന്മൂലം ഉണ്ടാകുന്ന ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ഡി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നു വരികയാണ്. പ്രസ്തുത പരിശോധനകൾ പൂർത്തിയാക്കി ടി റിപ്പോർട്ടിലെ ശിപാർശകൾ അന്തിമപ്പെടുത്തുന്ന സാഹചര്യത്തിൽ മാത്രമേ ഈ വിഷയത്തിൽ മേൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019 -ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും 20 ശതമാനത്തിൽ താഴെ മാത്രം നിയമനമാണ് നടന്നിരിക്കുന്നതെന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടി നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ